ഗവ: ഹൈസ്കൂൾ കുറുമ്പാല

# ലിറ്റിൽ ന്യൂസ് സെപ്റ്റംബർ 2024



## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## സ്നേഹാദരവുമായി ലിറ്റിൽ കൈറ്റ്സ്






ദേശീയ അധ്യാപക ദിനത്തിൽ അധ്യാപകർക്ക് കുട്ടികളുടെ സ്നേഹാദരവ്. കുറുമ്പാല ഗവ. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരെയും ആദരിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ എൽ.കെ ലീഡർ ശിവന്യ കെ എസ് അധ്യക്ഷത വഹിച്ചു. പി ടി എ പ്രസിഡന്റ് ഷറഫുദ്ദീൻ ഇ കെ, ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ്



എന്നിവർ പ്രസംഗിച്ചു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ അവതരണവും സംഘാടനവും വ്യത്യസ്ത പുലർത്തി. ചടങ്ങിൽ മൂന്ന് ബാച്ചുകളിലെയും അംഗങ്ങൾ പങ്കെടുത്തു. ലിറ്റിൽ കൈറ്റ്സ് ലീഡർമാരായ മുഹമ്മദ് നാഫിൽ സ്വാഗതവും നാജിയ ഫാത്തിമ നന്ദിയുംപറഞ്ഞു.

## അവബോധ ക്ലാസ് സംഘടിപ്പിച്ചു








വിദ്യാലയത്തിലെ സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം ക്ലബ്ബിൻെറ നേതൃത്വത്തിൽ ക്ലബ്ബംഗങ്ങൾക്കായി അവബോധ ക്ലാസുകൾ സംഘടിപ്പിച്ചു. ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ് ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പ്രഥമ ശുശ്രൂഷ ക്ലാസിന് മുണ്ടക്കുറ്റി പി എച്ച് സി യിലെ ഹെൽത്ത് ഇൻസ്പെക്ടർ രാജേഷ് സാറും, കാലാവസ്ഥാ വ്യതിയാനം, സുസ്ഥിര ജീവനം എന്ന വിഷയത്തിൽ നൽകിയ ക്ലാസിന് തരിയോട് ഹയർസെക്കണ്ടറി സ്കൂളിലെ സോഷ്യൽ സയൻസ് വിഭാഗം അധ്യാപകൻ രാജേന്ദ്രൻസാറും നേതൃത്വം നൽകി. ക്ലബ്ബ് കൺവീനർ സുധീഷ് വി സി സ്വാഗതവും ജീന നന്ദിയും പറഞ്ഞു.

# ഓണാഘോഷം സംഘടിപ്പിച്ചു





ചൂരൽമല, മുണ്ടക്കൈ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ ഓണാഘോഷം വളരെ ലളിതമായിട്ടായിരുന്നു സംഘടിപ്പിച്ചത്.13/09/2024 ന് വെള്ളിയാഴ്ച്ച നടത്തിയ ആഘോഷ പരിപാടി പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ 'സുന്ദരിക്ക് പൊട്ട് തൊട്ട്' ഉദ്ഘാടനം ചെയ്തു. പി ടി എ പ്രസിഡന്റ് ഷറഫുദ്ദീൻ, ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ്, പി ടി എ. എം പി ടി എ, എസ് എം സി അംഗങ്ങൾ പങ്കെടുത്തു.പ്രീ പ്രൈമറി, പ്രൈമറി, ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി മിഠായി പെറുക്കൽ, ബലൂൺ പൊട്ടിക്കൽ, സുന്ദരിക്ക് പൊട്ട് കുത്തൽ,കസേര കളി തുടങ്ങിയ മത്സരങ്ങൾ നടത്തി. കുട്ടികളും അധ്യാപകരുമെല്ലാം ചേർന്ന് പൂക്കളം ഒരുക്കി. എല്ലാവർക്കും പായസം വിതരണം ചെയ്തു.വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

# ഓണച്ചങ്ങാതി സംഘടിപ്പിച്ചു



ഓണാഘോഷ പരിപാടിയുടെ ഭാഗമായി' ഓണചങ്ങാതി' സംഘടിപ്പിച്ചു.ഭിന്നശേഷിക്കാരായ, സ്കൂളിൽ വരാൻ കഴിയാത്ത കുട്ടികളുടെ വീട്ടിലെത്തി അവരോടൊപ്പം സന്തോഷം പങ്കിടുക, ക്ലാസിലെ മറ്റ് കുട്ടികളെ കാണാനും അവരുമായി പരിചയപ്പെടാനുമുള്ള സാഹചര്യമൊരുക്കുക, സ്നേഹ സമ്മാനം നൽകുക, സന്തോഷം പങ്ക് വെക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ഓണച്ചങ്ങാതി സംഘടിപ്പിച്ചത്. വിദ്യാലയത്തിലെ അഞ്ചാം ക്ലാസിൽ പഠിക്കുന്ന ഹോം ബേസ്ഡ് ആയ മുഹമ്മദ് നാസിഫിന്റെ വീട്ടിലെത്തിയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ്, പിടിഎ പ്രസിഡന്റ് ഷറഫുദ്ദീൻ, വൈത്തിരി ബിആർസി, സി ആർ സി പ്രതിനിധികൾ, അധ്യാപകർ, കുട്ടികൾ എന്നിവർ പങ്കെടുത്തു. ചടങ്ങിൽ ബി ആർ സിയുടെ സ്നേഹസമ്മാനം ഹെഡ്മാസ്റ്റർ ആസിഫിന് കൈമാറി.

# റീഡിംഗ് കോർണർ




പതിനാറോളം പത്രങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും ഒരുക്കി സ്കൂളിലെ റീഡിംഗ് കോർണർ വിപുലപ്പെടുത്തി. വിവിധ ഏജൻസികളും വ്യക്തികളുമാണ് ഇവ സ്പോൺസർ ചെയ്തത്. സുപ്രഭാതം, മാതൃഭൂമി ചന്ദ്രിക,സിറാജ്, ദേശാഭിമാനി എന്നീപത്രങ്ങൾ നിലവിൽലഭ്യമാണ്. കോർണർ ഹെഡ്മാസ്റ്റർ ഉദ്ഘാടന ചെയ്തു

# പാദവാർഷിക പരീക്ഷ

2024-25 അധ്യയന വർഷത്തെ പാദവാർഷിക പരീക്ഷ 03-09-2024 ന് ആരംഭിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ സെപ്റ്റംബർ മൂന്നിനും, യു പി വിഭാഗത്തിൽ നാലിനും, എൽ പി വിഭാഗത്തിൽ ആറിനുമാണ് പരീക്ഷ ആരംഭിച്ചത്.



## അറിയിപ്പ്

NMMS സ്കോളർഷിപ്പ് പരീക്ഷയ്ക്ക് എട്ടാം ക്ലാസിലെ കുട്ടികൾക്ക് അപേക്ഷിക്കാം.അപേക്ഷിക്കേണ്ട അവസാന തിയ്യതി 15-10-2024.

## ഓണാഘോഷം







പ്രീപ്രൈമറി - പൂക്കളും പൂന്തോട്ടവും

**വാർത്തകൾ തയ്യാറാക്കിയത്**

റിസ്‌വാന ഷെറിൻ, ആയിഷ ഹഫ്ന, അമൃത സി കെ, മുഹമ്മദ് ഫയാസ്